**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2132** **06-07-2022 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗി മരിച്ച സംഭവം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ വൃക്ക മാറ്റിവയ്ക്കലിനിടെ രോഗി മരിച്ച സംഭവത്തിൽ അധികൃതർക്ക് വീഴ്ച പറ്റിയെന്ന ആരോപണം ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | **തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നടന്ന വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയയെതുടർന്ന് ചികിത്സയിലായിരുന്ന രോഗി മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നു. എന്നാൽ മരണകാരണം പോസ്റ്റ്മോർട്ടം റിപ്പോർട്ടിൽ നിന്നുമാത്രമേ അറിയുവാൻ കഴിയുകയുള്ളു. ഇക്കാര്യത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച വിശദമായ അന്വേഷണം നടന്നുവരികയാണ്.** |
| (ബി) | പ്രസ്തുത സംഭവത്തിൽ ആശുപത്രി അധികൃതർക്ക് ഏകോപനത്തിൽ പിഴവുണ്ടായെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (ബി) | **വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയുമായി ബന്ധപ്പെട്ട് സ്ഥാപനം നിർവ്വഹിക്കേണ്ട എല്ലാ ഏകോപനവും കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. എന്നിരുന്നാലും ഇതിനെക്കുറിച്ചും അന്വേഷണ റിപ്പോർട്ട് വരുന്ന മുറയ്ക്ക് കൂടുതൽ വ്യക്തത വരും.** |
| (സി) | കൊച്ചിയിൽ നിന്ന് മൂന്ന് മണിക്കൂർ കൊണ്ട് വൃക്ക എത്തിച്ചിട്ടും ശസ്ത്രക്രിയ നാലുമണിക്കൂർ വൈകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ? | (സി) | **രോഗിയെ ശസ്ത്രക്രിയയ്ക്ക് ഒരുക്കുന്നതിനുള്ള സമയം മാത്രമേ ഉണ്ടായിട്ടുള്ളു.** |

സെക്ഷൻ ഓഫീസർ